**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 340** — **10-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ സാമ്പത്തിക നിയന്ത്രണങ്ങൾ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര നികുതി വിഹിതം, വായ്പ പരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവ് മൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ പ്രയാസങ്ങൾ മൂലം 2023- 24 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഈ ദുഷ്കരമായ സാഹചര്യത്തിലും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട് ഇനത്തിൽ 71.5 % തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടി വന്ന നിയന്ത്രണങ്ങൾ മൂലം തദ്ദേശ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടി വന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, നഗരസഭകൾ എന്നിവയുടെ കഴിഞ്ഞ വർഷത്തെ പദ്ധതി നിർവ്വഹണം എത്ര ശതമാനം വീതമായിരുന്നുവെന്ന കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | **2023-24 വാർഷിക പദ്ധതി (31.03.2024 വരെ)**<br>**തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)** (table below) |
| (സി) | സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും അത് വഴിയുള്ള വികസനത്തെയും തകരാറിലാക്കുന്ന സ്ഥിതി ആവർത്തിയ്ക്കാതിരിക്കുന്നതിന് ഈ വർഷം എന്തെല്ലാം മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത സാമ്പത്തിക നിയന്ത്രണങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ തകരാറിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| ക്രമനം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | General | SCP | TSP | CFC | | Total |
|---|---|---|---|---|---|---|---|
| | | | | | അൺടൈഡ് | ടൈഡ് | |
| 1 | ഗ്രാമപഞ്ചായത്ത് | 83.36 | 79.83 | 79.63 | 76.18 | 55.79 | 78.11 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 75.91 | 64.34 | 60.70 | 81.89 | 69.37 | 72.11 |
| 3 | ജില്ലാ പഞ്ചായത്ത് | 60.84 | 54.88 | 60.01 | 64.06 | 53.58 | 58.69 |
| 4 | മുനിസിപ്പാലിറ്റി | 77.07 | 55.26 | 51.72 | 75.86 | 61.27 | 69.26 |
| 5 | കോർപ്പറേഷൻ | 57.34 | 60.72 | 11.09 | 0.00 | 58.18 | 57.70 |
| 6 | **ആകെ** | **75.72** | **69.34** | **69.50** | **75.36** | **58.41** | **71.46** |

സെക്ഷൻ ഓഫീസർ